<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 250</u> <u>16-09-2025 - ൽ മറുപടിയ്ക്ക്</u>

<u>ആർ.സി.സിയിലെ നിയമനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 29-06-2019-ൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 437/2019 (ജി.ഒ.(പി) നമ്പർ.59/2019/ എച്ച്&എഫ്.ഡബ്ള്യൂ.ഡി) പ്രകാരം ആർ.സി.സി.-യിലെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്തണമെന്ന സർക്കാർ തീരുമാനം എന്തുകൊണ്ടാണ് നടപ്പിലാക്കാത്തതെന്ന് വ്യക്തമാക്കാമോ ; 2021 ജനുവരിയിൽ സമർപ്പിച്ച സ്പെഷ്യൽ റൂൾസ് നാല് വർഷം കഴിഞ്ഞിട്ടും അംഗീകരിച്ചിട്ടില്ലാത്തതിന്റെ കാരണം അറിയിക്കാമോ; | (എ) | ആർ.സി.സി യിലെ നിയമനങ്ങൾ പി.എസ്.സിക്ക് വിട്ടുകൊണ്ടുള്ള തീരുമാനമായെങ്കിലും ആർ.സി.സി യുടെ വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കാത്തതുകാരണം നിയമനങ്ങൾ പി.എസ്.സി മുഖാന്തിരം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. വിശേഷാൽ ചട്ടങ്ങളുടെ കരട് സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | ആർ.സി.സി. യിൽ പിൻവാതിൽ നിയമനങ്ങൾ നടന്നുവരുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ തടയാൻ എന്തെല്ലാം നടപടികൾ കൈകൊണ്ടിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | വിജിലൻസ് റിപ്പോർട്ടിൽ തന്നെ ആർ.സി.സി.-യിലെ നിയമനങ്ങളിൽ വ്യാപകമായ അഴിമതി ചൂണ്ടിക്കാട്ടിയ സാഹചര്യത്തിൽ, നടപടികൾ വൈകിക്കുന്നതിലൂടെ അഴിമതിക്ക് പിന്തുണ കൊടുക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആർ.സി.സി യിലെ നിയമനങ്ങൾ സുതാര്യമാക്കാൻ വേണ്ടിയുള്ള നടപടിയുടെ പ്രാരംഭമായാണ് നിയമനങ്ങൾ പി.എസ്.സി യ്ക്ക് നല്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടത്. ഇതു സംബന്ധിച്ചുള്ള തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഡി) | നിയമനങ്ങളിൽ സുതാര്യത ഉറപ്പാക്കുന്നതിനായി ആർ.സി.സി.യിലെ നിയമനങ്ങൾ പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടുവരിക എന്നുള്ളത് എന്ന് നടപ്പിൽ വരുമെന്ന് വ്യക്തമാക്കാമോ? | (ഡി) | ആർ.സി.സി യുടെ സ്പെഷ്യൽ റൂൾസ് സർക്കാർ അംഗീകാരത്തോടെ നിലവിൽ വരുന്ന മുറയ്ക്ക് ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ